# Academic Master Plan 2025-26

# GLPS EAST KADUNGALLOOR

# സ്കൂൾ പ്രൊഫൈൽ

GLPS East Kadungalloor




പേര്  : ജി. എൽ. പി. എസ്. ഈസ്റ്റ് കടുങ്ങല്ലൂർ

സ്ഥാപിതം : 1925

മേൽവിലാസം : ജി. എൽ. പി. എസ്. ഈസ്റ്റ് കടുങ്ങല്ലൂർ, യു. സി. P.O, പിൻ. 683102

ഫോൺ : 8089212729

റവന്യൂ ജില്ല : എറണാകുളം

വിദ്യാഭ്യാസ ജില്ല : ആലുവ

ഉപജില്ല : ആലുവ

ബ്ലോക്ക് പഞ്ചായത്ത് : ആലങ്ങാട്

ഗ്രാമ പഞ്ചായത്ത് : കടുങ്ങല്ലൂർ

വില്ലേജ്  :  കടുങ്ങല്ലൂർ

വാർഡ്  : III

പ്രധാനാധ്യാപികയുടെ പേര് : ശ്രീമതി സുജ  എസ്.

മൊബൈൽ നമ്പർ : 8089212729

ഇമെയിൽ : glpseastkadungalloor@gmail.com

**ജി. എൽ. പി. എസ്. ഈസ്റ്റ് കടുങ്ങല്ലൂർ**

എറണാകുളം ജില്ലയിലെ ആലുവ വിദ്യാഭാസ ജില്ലയിൽ ആലുവ ഉപജില്ലയിലെ കിഴക്കേ കടുങ്ങല്ലൂർ സ്ഥലത്തുള്ള ഒരു സർക്കാർ വിദ്യാലയമാണ് കിഴക്കേ കടുങ്ങല്ലൂർ ഗവ.എൽ.പി.സ്കൂൾ.കടുങ്ങല്ലൂരിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന സ്കൂൾ ആലുവ പട്ടണത്തിൽ നിന്ന് 3 കി .മി ദൂരമുണ്ട്. പ്രീ–പ്രൈമറി മുതൽ നാലാം ക്ലാസ് വരെ ഇവിടെ അധ്യയനം നടത്തിവരുന്നു. ഡിജിറ്റൽ സൗകര്യങ്ങളോട് കൂടിയുള്ള ക്ലാസുകൾ നടക്കുന്നു.പ്രധാനാധ്യാപികയുൾപ്പെടെ 11 അദ്ധ്യാപക–അധ്യാപകേതര ജീവനക്കാർ ഇവിടെ സേവനമനുഷ്ഠിക്കുന്നു.

# ചരിത്രം

കടുങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ 1925 ൽ സ്ഥാപിതമായ വിദ്യാലയമാണ് ഈസ്റ്റ് കടുങ്ങല്ലൂർ ഗവ.എൽ.പി.സ്കൂൾ .വലിയ ആൽമരം സമീപത്തു ഉണ്ടായിരുന്നതിനാൽ ആലിങ്കൽ സ്കൂൾ എന്ന് അറിയപ്പെട്ടിരുന്നു.പ്രഗത്ഭരായ ഒട്ടേറെ വ്യക്തികൾ അറിവിന്റെ ആദ്യാക്ഷരം കുറിച്ച വിദ്യാലയമാണിത് . കലോത്സവ വേദികളിൽ വിദ്യാർത്ഥികൾ മികവുറ്റ വിജയം കരസ്ഥമാക്കിയിട്ടുണ്ട്. ശാസ്ത്രമേള ,ഗണിതമേള,വർക്ക് എക്സ്പീരിയൻസ്,ക്വിസ്,തുടങ്ങിയവയിലും ഉന്നത വിജയം കൈവരിച്ചിട്ടുണ്ട്

2018 ലെ പ്രളയത്തിൽ ചുറ്റുമതിൽ പൂർണമായും തകർന്നു പോയി.കെട്ടിടത്തിനുള്ളിൽ ആറടിയോളം വെള്ളം കയറി. ഗ്രാമപഞ്ചായത്ത് ഫണ്ട് ഉപയോഗപ്പെടുത്തി രണ്ട മുറികളും ഒരു ഹാളും ഗേറ്റും നിർമിച്ചിട്ടുണ്ട്. ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ബാറ്റ കമ്പനി ചുറ്റുമതിൽ മനോഹരമായി നിർമിച്ചു നൽകി.

## പൊതുലക്ഷ്യങ്ങൾ

- വിദ്യഭ്യാസ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയ ശാക്തീകരണ പ്രവർത്തന ങ്ങൾ നടന്നു വരികയാണ്. വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാകുമ്പോൾ സ്വാഭാവികമായും അക്കാദമിക നിലവാരം ഉയരേണ്ടതുണ്ട്.

- എല്ലാകുട്ടികളും അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചും നിലവാരമനുസരിച്ചും ഉയർന്ന ശേഷികൾ കൈവരിക്കേണ്ടതാണ്.

- കുട്ടികൾ ഇഷ്ടപ്പെടുന്ന സ്കൂൾ എന്ന നിലയിൽ ക്രമീകരിച്ച പ്രവർത്തനങ്ങൾ നടത്തണം.

- കുട്ടികളുടെ കഴിവിനും അഭിരുചിക്കും അനുസരിച്ച് കലാ-സാഹിത്യ- കായി കാഭിരുചികൾ പരി ഗണിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ.

- > വ്യക്തമായ കാഴ്ചപ്പാടും ചിന്തയും കർമ്മശേഷിയുമുള്ള ഒരു വിദ്യാർത്ഥി സമുഹത്തെ വളർത്തി കൊണ്ടു വരാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കണം.

- > അക്കാദമിക മേഖലകളെ ഉപമേഖലകളായി തിരിച്ച് ഭാഷ, ഇംഗ്ലീഷ്, ഗണിതം, പരിസര പഠനം, അറബിക് എന്നി വയിൽ ശേഷീ ബന്ധിതമായി പ്രവർത്തനങ്ങൾ നടപ്പാക്കുന്നു.

# സ്കൂൾ തല പ്രവർത്തനങ്ങൾ

**2025 ൽ സ്കൂൾ ശതാബ്ദിയുടെ നിറവിലേയ്ക്ക് പ്രവേശിച്ചിരിക്കുകയാണ് . അതിനോടനുബന്ധിച്ച് നടത്താനിരിക്കുന്ന സ്കൂൾ തല പദ്ധതികൾ**

- ഒന്നു മുതൽ നാല് വരെയുള്ള ക്ലാസ്സുകൾക്ക് പുതിയ ക്ലാസ് മുറികൾ
- സ്കൂൾ ലൈബ്രറി
- ഐ ടി ലാബ്
- പുതിയ അടുക്കളയുടെ നിർമ്മാണം
- സ്കൂൾ മുറ്റം ടൈൽ പാകി മനോഹരമാക്കൽ
- സ്കൂളിനൊരു പച്ചക്കറിത്തോട്ടം
- കുട്ടികളിലെ കായിക ക്ഷമതയെ പരിപോഷിപ്പിക്കുന്നതിനുള്ള
- പ്രവർത്തനങ്ങൾ നടപ്പാക്കുക
- കുട്ടികളിലെ സർഗ്ഗാത്മഗത വികസിപ്പിക്കുവാനുള്ള വേദി ഒരുക്കൽ
- കുട്ടികളുടെ പാർക്ക് നവീകരണം

## 2025-26 അദ്ധ്യയന വർഷത്തെ കുട്ടികളുടെ എണ്ണം

| ക്ലാസ് | ആൺ | പെൺ | ആകെ |
|---|---|---|---|
| I | 10 | 12 | 22 |
| II | 10 | 8 | 18 |
| III | 13 | 16 | 29 |
| IV | 17 | 4 | 21 |
| ആകെ | 50 | 40 | 90 |



**സ്കൂളിനായുള്ള പുതിയ കെട്ടിടത്തിന്റെ പണികൾ പുരോഗമിക്കുന്നു.**

# ക്ലാസ് തല / ഭാഷാ പ്രവർത്തനങ്ങൾ

# അറബിക്

1.അക്ഷരമധുരം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| അറബി ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുവാനുള്ള പ്രത്യേക പരിപാടി | ടെസ്റ്റ് നടത്തി പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം നേരിടുന്ന കുട്ടികൾക്ക് അക്ഷരങ്ങൾക്ക് നിറം നൽകുവാൻ ഉള്ള സാഹചര്യം മുഖേനയോ പ്രത്യേകം തയ്യാറാക്കപ്പെട്ട ആപ്പ് മുഖേനയോ ഒരുക്കുന്നു ഇതിലൂടെ അധ്യാപകരുടെ മേൽനോട്ടത്തിൽ കുട്ടികൾ ആസ്വദിച്ച് അക്ഷരങ്ങളെ പരിചയപ്പെടുകയും വ്യക്തമായി തിരിച്ചറിയുകയും ചെയ്യുന്നു | രണ്ടുമാസം | പുസ്തകങ്ങൾ,ടാബ് , കമ്പ്യൂട്ടർ | ഡയറ്റ്,ബിആർ സി ,പൂർവവിദ്യാർത്ഥികൾ |

വായനാലോകം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ നല്ല വായനക്കാരാക്കുക | തിരഞ്ഞെടുത്താൽ ലളിതമായ അറബി പുസ്തകങ്ങൾ ശേഖരിക്കുക<br>പുസ്തകങ്ങൾ :<br>ചിത്രകഥ<br>കഥപുസ്തകം<br>കുട്ടിക്കവിതകൾ<br>അറബിക് ക്വിസ്<br>ക്ലാസ് വായന :<br>ഓരോ അറബിക് പിരീഡിലും ആദ്യ അഞ്ച് മിനിറ്റിൽ ഒരാൾ ഒരു ബുക്കിന്റെ ഒരു പേജ് ഉറക്കെ വായിക്കുക.<br>വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തി വയ്ക്കുക<br>കൂടുതൽ ബുക്കുകൾ വായിച്ച കുട്ടികൾക്ക് സമ്മാനങ്ങൾ നൽകുക | ആറു മാസം | പുസ്തകങ്ങൾ,സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി | അറബിക് അധ്യാപകർ റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അധ്യാപകർ<br>നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലിചെയ്യുന്നവർ<br>ഓരോ കുട്ടിയും ഓരോ ബുക്കുകൾ സംഭാവന ചെയ്യൽ<br>സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ |

## ആസ്വാദന ലോകം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| സർഗവാസനകളെ കണ്ടെത്തി പരിപോഷിപ്പിക്കൽ | ആസ്വാദനസഭ:<br>പാടാനും പറയാനും കഴിയുന്ന കുട്ടികളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കുവാൻ രണ്ടാഴ്ചയിൽ ഒരിക്കൽ ആസ്വാദനസഭ.<br>ഒരിക്കൽ അവതരിപ്പിച്ച | ആറു മാസം | പുസ്തകങ്ങൾ,സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി | അറബിക് അധ്യാപകർ റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അധ്യാപകർ<br>നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലിചെയ്യുന്നവർ<br>ഓരോ കുട്ടിയും ഓരോ ബുക്കുകൾ സംഭാവന ചെയ്യൽ<br>സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ |

| | | | | |
|---|---|---|---|---|
| | വിദ്യാർത്ഥികൾ അടുത്ത സഭയിൽ ആസ്വാദകരാകണം.<br><br>കാഴ്ചയും കേൾവിയും: ഡൗൺലോഡ് ചെയ്യപ്പെട്ട മികച്ച അറബിക്കഥകളും പാട്ടുകളും ഷോർട്ട് ഫിലിമുകളും എൽസിഡി മോണിറ്ററിന്റെയോ പ്രോജക്ടറിന്റെയോ സഹായത്തോടെ കാണുവാനുള്ള അവസരം ഒരുക്കൽ | | | |

അനുഭവ ലോകം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| അറബിക് ലാംഗ്വേജ് ലാബ് | വിദേശ ഭാഷ പഠനം ഏറ്റവും സാധ്യമാവുക ഭാഷാന്തരീക്ഷം സൃഷ്ടിക്കുമ്പോഴാണ് അറബി ഭാഷാ പഠനത്തിന് ലാംഗ്വേജ് ലാബ് ഉപയോഗപ്പെടുത്തുന്നു<br><br>തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കേൾക്കാനും കാണുവാനുമുള്ള അവസരം ഉണ്ടാക്കുക എല്ലാ കുട്ടികൾക്കും എൽസിഡി അല്ലെങ്കിൽ പ്രൊജക്ടറിന്റെ സഹായത്തോടെ പഠനപ്രവർത്തനവുമാ | ആറു മാസം | പുസ്തകങ്ങൾ ,സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി | അറബിക് അധ്യാപകർ റിട്ടയർ ചെയ്ത നാട്ടിലെ അറബി ഭാഷ അധ്യാപകർ നാട്ടിലെ അറബി രാജ്യങ്ങളിൽ ജോലിചെയ്യുന്നവർ സ്പോൺസർഷിപ്പിലൂടെ പണം സമാഹരിക്കൽ |

| | | | | |
|---|---|---|---|---|
| | യി ബന്ധപ്പെട്ട തിരഞ്ഞെടുത്ത വീഡിയോകൾ പാട്ടുകൾ കഥകൾ സംഭാഷണങ്ങൾ കാണാനും അനുഭവിക്കാനും ഉള്ള അവസരം സൃഷ്ടിക്കുക | | | |

അറബിക് അസംബ്ലി

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ആഴ്ചയിൽ ഒരു ദിവസം അറബിക് അസംബ്ലി സംഘടിപ്പിക്കുക | ചെറിയ വാർത്തകൾ അറബിയിൽ വായിക്കുക ചെറിയ അറബിക് കുറിപ്പുകൾ വായിക്കുക പുസ്തകം പരിചയപ്പെടുത്തുക സാഹിത്യകാരന്മാരെ പരിചയപ്പെടുത്തുക | ആറു മാസം | | |

പദപരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| അറബി പദസമ്പത്ത് വർദ്ധിപ്പിക്കാൻ | അറബിക് അധ്യാപകന്റെ മേൽനോട്ടത്തിൽ എല്ലാ ദിവസവും രാവിലെ പ്രാർത്ഥനക്ക് ശേഷം മുതിർന്ന | ആറു മാസം | | |

| | | | | |
|---|---|---|---|---|
| | ക്ലാസിലെ ഒരു വിദ്യാർത്ഥി ക്ലാസിലെ നമ്പർ അനുസരിച്ച് ഒരു പദം മൈക്കിലൂടെ അറബിയിൽ പരിചയപ്പെടുത്തുന്നു പ്രസ്തുത അറബിക് പദം നോട്ടീസ് ബോർഡിൽ പതിക്കുന്നു എല്ലാ വിദ്യാർത്ഥികളും എഴുതിയെടുക്കുകയും മാസത്തിലൊരിക്കൽ ചെറിയ രൂപത്തിൽ വിലയിരുത്തൽ നടത്തുകയും ചെയ്യുന്നു. കൂടുതൽ വാക്കുകൾ പഠിച്ച വിദ്യാർഥികൾക്ക് സമ്മാനങ്ങൾ നൽകുന്നു | | | |

എഴുത്തിന്റെ ലോകം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| കുട്ടികളുടെ കയ്യെഴുത്ത് മെച്ചപ്പെടുത്തൽ | അറബി ഭാഷയുടെ തനതായ സൗന്ദര്യം എഴുത്ത് അഥവാ ( നസ്ഖ്, റുഖഇ) എഴുത്തുകളാകുന്നു ഓരോ കുട്ടികൾക്കും പ്രത്യേക വർക്ക് സീറ്റുകളും കോപ്പികളും നൽകി പരിശീലനം നൽകുന്നു വർഷത്തിലൊരിക്കൽ കയ്യെഴുത്ത് മാഗസിൻ തയ്യാറാക്കുക ചുമർപത്രിക നിർമ്മാണം വായന കാർഡ് നിർമ്മാണം | ആറു മാസം | | |

GLPS East Kadungalloor

## മത്സരങ്ങളുടെ ലോകം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|
| മുഴുവൻ വിദ്യാർത്ഥികളിലെയും വ്യത്യസ്ത കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് അറബിക് മത്സരങ്ങൾ സംഘടിപ്പിക്കുന്നു | ക്വിസ്<br>പദനിർമ്മാണം<br>കഥ പറയൽ<br>കവിത ചൊല്ലൽ<br>പദപ്രശ്നം<br>കളറിംഗ്<br>മെമ്മറി ടെസ്റ്റ്<br>ഗദ്യ വായന<br>ആംഗ്യ ഗാന<br>ഖുർആൻ പാരായണം<br>പദപ്പയറ്റ് | 1 മാസം | | |

# അക്കാദമിക്

# മാസ്റ്റർ

# പ്ലാൻ

## ക്ലാസ് : 1

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത് എഴുത്ത്, വായന മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളുമാണ് ലക്ഷ്യമിടുന്നത്.

## ലക്ഷ്യങ്ങൾ

1. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമാ ബാലസാഹിത്യകൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

2. എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പു വരുത്തുക.

3. ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന (1-20) ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനു കഴിവ് നേടുക

4. തന്റെ ചുറ്റുപാടിനെ നിരീക്ഷിക്കുന്നതിനും വിശകലനം നടത്തുന്നതിനും ചോദ്യങ്ങൾ ചോദിക്കുന്നതിനും കഴിവുള്ളവരാക്കുക.

5. കുട്ടിയുടെ ശാരീരികവും മാനസികവുമായ വികാസവും ക്ഷമതയും ഉറപ്പാക്കുക.

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാശേഷി വികസനം | 1) ഭാഷാ കളരി കുട്ടികളിലും.<br>• പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ | സെപ്തംബർ<br>ഒക്ടോബർ | ക്ലാസ് ടീച്ചർ<br>SRG<br>SMC<br>സ്കൂൾ വികസന സമിതി | SMC |
| | 2) <u>അമ്മ പറയട്ടെ</u><br>അമ്മമാർ കുട്ടി കഥകൾ അവതരിപ്പിക്കുന്നു. | ജൂലൈ<br>ഡിസംബർ<br>ജനുവരി<br>മാസത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ<br>SRG<br>മദർ പിടിഎ | മദർ പിടിഎ |

മേഖല - അക്കാദമികം

ഉപമേഖല - ഇംഗ്ലീഷ്

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ ധാരാളമായി കേൾക്കുവാനുള്ള അവസരം ഒരുക്കൽ | കാർട്ടൂൺ പ്രദർശനം<br>സിനിമ പ്രദർശനം | മാസത്തിൽ ഒന്ന് | SRG<br>ക്ലാസ് ടീച്ചർ | SSA |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ. | 1. ഗണിത മാഗസിൻ | ജൂൺ-മാർച്ച് | പി.ടി.എ | |
| | 2. ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം. ഏകദിന ക്യാമ്പ് | സപ്തംബർ | ക്ലാസ് ടീച്ചർ | SSA |
| | 3. ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | മാസത്തിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ | |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ് - 1

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാരത്തിലങ്ങും ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള - പ്രദർശനം. നാടൻ വിഭവങ്ങൾ ഉപയോഗിച്ചുള്ള പാചകവും രുചി അറിവും. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ക്ലാസ് ടീച്ചർ<br>SRG<br>SMC | SMC |
| പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | പുഷ്പോദ്യാനം ഔഷധത്തോട്ടം ചുറ്റുവട്ടത്താകെ | ഡിസംബർ<br>ജനുവരി | SRG<br>SMC | |

# Academic Master Plan

## Class - 2

## GLPS - Kadungalloor

ദീർഘകാലാടിസ്ഥാന മാസ്റ്റർ പ്ലാൻ

ലക്ഷ്യം : രണ്ടാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടികളുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ:

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

# മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി കൊണ്ടുവരൽ | SRG ക്ലാസ് ടീച്ചർ | ലക്ഷ്യം നേടുന്നത് വരെ | PTA ഫണ്ട് |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | പഠനം എളുപ്പമാക്കുക. | HM, SRG, ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | PTA |
| വായിക്കാം വളരാം | വായനാ ശേഷി വളർത്തൽ | HM, SRG, ടീച്ചർ | വർഷം മുഴുവൻ | PTA |
| ക്ലാസ് വായന ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം | വായനാ ശീലം വളർത്തുക ലൈബ്രറി ഉപയോഗപ്പെടുത്തുക | HM SRG ടീച്ചർ | വർഷം മുഴുവൻ | CPTA |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ | SRG ക്ലാസ് ടീച്ചർ | പ്രതിമാസം (വർഷം) | PTA |

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. | ക്ലാസ് ടീച്ചർ, രക്ഷിതാവ് | ജൂൺ മാർച്ച് | CPTA (₹2000) |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖനശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരൻമാരെ അടുത്തറിയൽ | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം. | |
| കണ്ടറിയാം കേട്ടറിയാം | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം. | PTA |
| രുചിച്ചറിയാം | നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടുത്തൽ | SRG, ക്ലാസ് ടീച്ചർ | വർഷത്തിൽ ഒന്ന് | |

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| ഓർക്കാം, അഭിമാനിക്കാം | സാഹിത്യകാരന്മാരെ അടുത്തറിയൽ (ഓർമ്മദിനം) | SRG, ക്ലാസ് ടീച്ചർ CPTA | ആവശ്യാനുസരണം | |
| കലാക്കൂട്ട് | കലകൾ നേരിട്ടറിയൽ | HM, SRG, ക്ലാസ് ടീച്ചർ | | PTA |
| സർഗോത്സവം | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | SRG, CPTA, ക്ലാസ് ടീച്ചർ | വർഷത്തിൽ ഒരിക്കൽ | PTA |

## ഇംഗ്ലീഷ് ഭാഷാ പഠനം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും, സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ട് ദിവസം (വർഷം മുഴുവൻ) | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ആഴ്ചയിൽ മൂന്ന് ദിവസം (വർഷം) | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് കൈയെഴുത്ത് | രചനാ മികവ് | മാസത്തിൽ ഒന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകത പരിപോഷണം | മാസത്തിൽ ഒന്ന് | HM, ക്ലാസ് ടീച്ചർ SMC | SMC |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ | വർഷത്തിൽ ഒരിക്കൽ | SMC, ക്ലാസ് ടീച്ചർ | |

## ഗണിത പഠനം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ | ഗണിത പഠനം രസകരം ആക്കൽ | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം | ഗണിതപഠനം രസകരമാക്കൽ, കരചലന ശേഷി വികാസം | വർഷത്തിൽ ഒരിക്കൽ | | |

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ | വർഷം മുഴുവൻ | HM, SRG ടീച്ചർ | PTA |
| ഗണിത രൂപം | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിത മേള | ഗണിത ശേഷികളുടെ പ്രകടനം | വർഷത്തിൽ ഒന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

# ACADEMIC
# MASTER
# PLAN

## GLPS EAST KADUNGALLOOR

## CLASS- III

## 2025-2026

# അക്കാദമിക മാസ്റ്റർ പ്ലാൻ.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ ജീവിക്കാനാവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച്. സമൂഹത്തെ മുന്നോട്ടുനയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ആത്യന്തികലക്ഷ്യം. സംസ്ഥാനത്ത് നടപ്പിലാക്കിയ 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' വിദ്യാഭ്യാസരംഗത്ത് ഉണർവ് സൃഷ്ടിച്ചു. ഇതിന്റെ ഭാഗമായി വിദ്യാലയങ്ങൾ ഭൗതികരംഗത്തും അക്കാദമിക രംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചു.

പാർശ്വവത്കരിക്കപ്പെടുന്നതും പ്രത്യേക പരിഗണന അർഹിക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ മുൻവർഷങ്ങളിൽ നടന്നിട്ടുള്ളതുപോലെ ആസൂത്രണം ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാകായിക പ്രവർത്തനങ്ങളിൽ ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ തുടർന്നു പോകുന്നുമുണ്ട്. അധ്യാപകരോടൊപ്പം പൂർവവിദ്യാർത്ഥികൾ, PTA, EPTA, SMC ജനപ്രതിനിധികൾ, അക്കാദമിക വിദഗ്ധർ, വിദ്യാഭ്യാസപ്രവർത്തകർ തുടങ്ങിയവരെ പങ്കാളികളാക്കുന്നുമുണ്ട്.

അക്കാദമിക മാസ്റ്റർ പ്ലാൻ- ക്ലാസ് 3 202-

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | - പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകർ | P.T.A |
| | - ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി. പി. ടി. എ | സി.പി.ടി.എ |
| | - വായനാ കാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകർ | സി.പി.ടി.എ |
| | - അമ്മ വായന- അമ്മമാരുടെ വായനാകുറിപ്പുകൾ സി.പി.ടി എ കളിൽ അവതരിപ്പിക്കുന്നു. | അധ്യയന വർഷം മുഴുവൻ | സി. പി. ടി. എ | ഇല്ല. |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക.<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ. വിവിധ ഭാഷാ-വ്യവഹാരങ്ങൾ രചന നടത്തു-വാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക. | | | |
| | - ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ | ജൂൺ | അധ്യാപകർ | സി.പി.ടി.എ |
| | - ജൂൺ 19 വായനാദിനം വായനാവാരം | ജൂൺ | | |
| | - ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ | ആഗസ്റ്റ് | | |
| | - ആഗസ്റ്റ് 9 നാഗസാക്കി ദിനം പോസ്റ്റർ | ആഗസ്റ്റ് | | |
| | - ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം | ആഗസ്റ്റ് | | |
| | - സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം | സെപ്റ്റംബർ | | |

## മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | ഒക്ടോബർ 2 - ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ | ഒക്ടോബർ | | |
| | ഒക്ടോബർ 10. ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത് | ഒക്ടോബർ | അധ്യാപകൻ | സി.പി.ടി.എ. |
| | നവംബർ 1 കേരളപ്പിറവി പ്രസംഗം. | നവംബർ | | |
| | നവംബർ 14 ശിശുദിനം. | നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ വേദി. സി.പി.ടി.എ. | അധ്യയന വർഷം മുഴുവൻ | സി.പി.ടി.എ | ഇല്ല. |

# പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക. ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം. | സസ്യങ്ങളെ തിരിച്ചറിഞ്ഞ് പ്രകൃതി നടത്തം-(പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം) | ജൂൺ, ജൂലൈ | അധ്യാപകർ | ഇല്ല. |
| പ്രകൃതി സംരക്ഷണം | • മണ്ണ്, ജലം, വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക.<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർമസേനക്ക് കൈമാറൽ. | ആഗസ്റ്റ്-സെപ്റ്റംബർ | അധ്യാപകർ.<br>പി.ടി.എ<br>ഹരിതകർമസേന | പി.ടി.എ. |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ- പരിശീലനം<br>• പോസ്റ്റർ നിർമാണം<br>ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ- ഒക്ടോബർ | അധ്യാപകർ. കുട്ടികൾ | പി.ടി.എ. |

# അക്കാദമിക് മാസ്റ്റർപ്ലാൻ - ക്ലാസ് - 3.

## G.L.P.S East Kadungalloor

### ഗണിതം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തനങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും കണ്ണി ചേർത്തുകൊണ്ടാണ് ഗണിതപഠനം. കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന തരത്തിൽ പ്രവർത്തനങ്ങൾ മൂന്നാം ക്ലാസിൽ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തിചിന്ത, വിശകലനാത്മക ചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകരമാണ്.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. നിത്യജീവിതത്തിന്റെ ഭാഗമായ നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടിവരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും 3-ാം ക്ലാസിലെ ഗണിതപഠനം ലക്ഷ്യം വെക്കുന്നു. മൂന്നക്ക സംഖ്യകളുടെ സങ്കലനക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നതുമുണ്ട്.

നീളം അളക്കുന്നതിനുള്ള ഏകകമായ cm, m, എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരിക്കുന്നു.

ഗുണന ചിന്തയോടൊപ്പം ഹരണ ചിന്ത വളർത്തുന്ന പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം, വൃത്തം, ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു. | പ്രീ ടെസ്റ്റ്. | ജൂൺ | അധ്യാപകർ | പി.ടി.എ. |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം, ത്രികോണം, വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ - ജൂലൈ | അധ്യാപകർ, C.PTA. | ഉണ്ട്. |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുക. | സംഖ്യാ പാറ്റേണുകൾ.<br>• നാണയങ്ങൾ<br>• പാറ്റേണുകൾ (ഗണിത ക്വിസ്) | ആഗസ്റ്റ്<br>ആഗസ്റ്റ് | അധ്യാപകർ<br>കുട്ടികൾ | ഉണ്ട്<br>സി.പി.ടി.എ. |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക. | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകർ, കുട്ടികൾ. | ഉണ്ട്. |
| സങ്കലന-വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക. | • മനഃക്കണക്കുകൾ<br>• നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഒക്ടോബർ-നവംബർ | അധ്യാപകർ, കുട്ടികൾ | ഉണ്ട്. |
| ഗുണന വസ്തുതകൾ നേടൽ | • മനഃക്കണക്കുകൾ<br>• മഞ്ചാടിക്കുരു | ഡിസംബർ - ജനുവരി | അധ്യാപകർ, കുട്ടികൾ | ഉണ്ട്. |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ<br>• ഐ.സി.ടി വിഭവങ്ങൾ ഉപയോഗിച്ച്. | ഫെബ്രുവരി - മാർച്ച് | അധ്യാപകർ കുട്ടികൾ | ഉണ്ട്. |

A M P - class-3.

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | • PRE TEST<br>• Write Simple Words | June - July | Teacher, Students | P T A |
| To study, write and read Simple words | circle the word from TB and read | August - September | Teacher, students. | Nil |
| Create more opportunities for English Speaking in the class room. | class room communication should be in English, like May I drinks some water? May I go to bathroom?<br>• Hello<br>• Hellow, everyone.<br>• Good morning.<br>• Good morning every one.<br>• Good afternoon every one.<br>• How are you all<br>• How are you today<br>• Let me take attendance etc. | Acadamic year | Teacher, Students. parents. | Nil |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

ലക്ഷ്യം: നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയു മുള്ള പഠനം
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | ലക്ഷ്യം നേടുന്നതു വരെ | SRG ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ | വർഷം മുഴുവൻ | H.M, SRG ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം | | | | |
| വായനാക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, പുസ്തക സംവാദം | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ | പ്രതിമാസം വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| രുചിച്ചറിയാം | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ PTA | |
| ഭക്ഷ്യമേള പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം ക്ലാസിലൊരു സദ്യ | | | | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ CPTA | |
| സാഹിത്യകാരന്മാരുടെ ജന്മ - ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ ഡോക്യുമെന്ററി പ്രദർശനം പുസ്തക പരിചയം ക്വിസ്, ലഘു പ്രഭാഷണം ജീവിതരേഖ തയ്യാറാക്കൽ പതിപ്പ് നിർമ്മാണം പ്രദർശനം | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലക്കാർ | സാമ്പത്തികം |
|---|---|---|---|---|
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകാശിപ്പിക്കൽ | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർധിപ്പിക്കൽ സാഹിത്യകാരന്മാരെ അടുത്തറിയൽ | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ | | | | |
| കണ്ടറിയാം കേട്ടറിയാം | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ | | | | |

| പ്രവർത്തനം | ലക്ഷ്യം | സമയക്രമം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| കലക്കൂട്ട് | പാരമ്പര്യമായി ലഭിച്ച നാട്ടുകലകൾ നേരിട്ടറിയൽ | വർഷത്തിലൊന്ന് | HM, SRG CPTA ക്ലാസ് ടീച്ചർ | PTA |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക് | | | | |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ / പ്രദർശനം (സർഗോത്സവം, കലാവതരണം, കലാ ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം | | വർഷത്തിലൊരിക്കൽ | SRG CPTA ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | | | H.M | |

## 2 വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠ...

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പ... |
|---|---|---|---|---|
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും ശേഷി മെച്ചപ്പെടുത്തൽ | ആഴ്ചയിൽ രണ്ടു ദിവസം | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക്) | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി | ആഴ്ചയിൽ മൂന്ന് ദിവസം | ക്ലാസ് ടീച്ചർ | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ | | | | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകതാ പരിപോഷണം | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലക്കാർ | സാമ്പത്തികം |
|---|---|---|---|---|
| [Skit, Drama, conversation, story telling] | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനശേഷി വികസനം | മൂന്ന് മാസത്തിലൊരിക്കൽ | HM, SMC ക്ലാസ് ടീച്ചർ | SMC |
| മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തികൊണ്ട് മാസിക തയ്യാറാക്കൽ | | | | |
| ഇംഗ്ലീഷ് കൈയെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ് | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ | | | | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ, വായന വേളയൊരുക്കൽ | | | | |

വായനാകുറിപ്പ്
പുസ്തക പരിചയം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ [ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ | വർഷത്തിലൊന്ന് | SRG, SMC, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാമത്സരം രചനാമത്സരം മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം | | | | |

3 കളിക്കാം ... ഗണിക്കാം ... (ഗണിത പഠനം)

| പ്രവർത്തനം. | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ [ചതുഷ്ക്രിയകൾ ലളിതമാക്കൽ] | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ | |
| മൂല്യനിർണയം [ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം വ്യവകലനം കച്ചവടക്കളി] | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലക്കാർ | സാമ്പത്തികം |
|---|---|---|---|---|
| ഒറിഗാമിയിലൂടെ പഠിക്കാം | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കരചലന ശേഷി വികാസം | വർഷത്തിലൊരിക്കൽ [ഉചിതമായ സമയത്ത്] | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ ഗണിത ലാബ് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | HM, SRG ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുമർ ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ | | | | |
| ഗണിത പഠനോപകരണ ശിൽപശാല | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | | | | |
| ഗണിതമേള | ഗണിത ശേഷി കുട്ടികളുടെ പ്രകടനം | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |
| പ്രശ്നോത്തരി പസ്സിൽ, പാറ്റേൺ പണ ഉൽപ്പന്നങ്ങളുടെ പ്രദർശനം | | | | |

4. അറിയാം... അടുത്തറിയാം... പരിസരപഠനം

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം അറിവ് നിർമ്മാണം | ആവശ്യാനുസരണം | HM CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ | | | | |
| ശാസ്ത്ര മേള | ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | വർഷം മുഴുവൻ | HM, SRG ക്ലാസ് ടീച്ചർ | PTA SSA |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലക്കാർ | സഹായ ലഭ്യത |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | | | | |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ - അന്വേഷണ ത്വര വളർത്തൽ | ആവശ്യാനുസരണം | HM , SRG CPTA ക്ലാസ് ടീച്ചർ | PTA രക്ഷിതാക്കൾ |
| വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക് , ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ , ഫോക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ | | | | |
| ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപട രചന സൂചിക പരിചയപ്പെടൽ, സൂചികാ നിർമ്മാണം കളങ്ങൾ ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG ക്ലാസ് ടീച്ചർ | PTA |
| കേരളം - ഇന്ത്യ ഭൂപടവായന | | | | |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പഠനം രസകരമാക്കൽ | ആവശ്യാനുസരണം | SRG ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | | | | |

## ഉപസംഹാരം

പൊതുവിദ്യഭ്യാസരംഗത്ത് ഒരു പുതുവസന്തം തീർക്കാൻ കേരളസർക്കാർ ആവിഷ്കരിച്ച് നട പ്പാക്കുന്ന പൊതുവുദ്യാഭ്യാസസംരക്ഷണയജ്ഞത്തിന് തുടക്കമിട്ടിരിക്കുന്ന ഈ വേളയിൽ നമ്മുടെ വിദ്യാലയവും വിദ്യാലയ പ്രവർത്തനങ്ങളും അക്കാദമികമായ മാറ്റത്തിന് തയ്യാറാകുക യാണ്. അതിനായ് രൂപപ്പെടുത്തിയെടുത്ത സമഗ്ര വികസന കാഴ്ചപ്പാട് വരും കാലത്ത് പ്രായോഗികമാക്കാൻ നാം കർമ്മനിരതരാകുകയാണ്. വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് വഴിവിളക്കാകാനുള്ള പുതുനാമ്പുകളെ സൃഷ്ടിക്കാനുള്ള നാന്ദിയാകട്ടെ ഈ സമഗ്ര വിദ്യാ ഭ്യാസ വികസനരേഖ എന്ന് പ്രത്യാശിക്കുന്നു.